LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം / ക്വിസ്/പ്രസംഗം മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ഉടങ്ങി വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ കൂടാതെ ഉപന്യാസം/ക്വിസ്/പ്രസംഗം എന്നീ മത്സരങ്ങളും നടത്തിവരുന്നു. മാത്രമല്ല, യൂത്ത് പാർലമെന്റ് സംസ്ഥാന വിജയികളുടെ റിപ്പീറ്റ് പെർഫോമൻസ് പഴയ നിയമസഭാ മന്ദിരത്തിൽ സംഘടിപ്പിക്കുകയും കൂടാതെ മികച്ച സ്കൂൾ പാർലമെന്റേറിയൻമാരുടെ പഠന ക്യാമ്പ്, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി) സ്കൂൾ/കോളേജ് തലങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരിപാടികളിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തമുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

104 (6359) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പ് പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളുകളിൽ സെമിനാർ നടത്തുവാൻ ഉദ്ദേശിച്ചിരുന്നോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലത്തിലും നടത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മങ്കടയിൽ നിന്നും നൽകിയ ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉദ്ദേശിച്ചിരുന്നു.

(ബി) ഇല്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ സവിശേഷതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, പാർലമെന്ററി ലിറ്ററസി ക്ലബ്ബ് എന്നിവ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും യഥാക്രമം 4, 2, 2, 2 എന്നിങ്ങനെ ആകെ 10 സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് അറിയിക്കണമെന്ന് നിയമസഭാ സാമാജികരോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 101 നിയമസഭാ സാമാജികർ സ്കൂളുകളുടെ പട്ടിക ലഭ്യമാക്കുകയും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2017-18-ലെ പരിപാടികൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടി സ്കൂളുകൾക്ക് അയച്ച് കൊടുക്കുകയും ചെയ്തു. അതിൽ നാളിതുവരെ 144 സ്കൂളുകൾ സെമിനാർ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും 141 സ്കൂളുകളുടെ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മങ്കട നിയോജക മണ്ഡലത്തിൽനിന്നും ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്.എസ്.എസ്. പള്ളിപ്പുറം എന്നീ സ്കൂളുകളിൽ സെമിനാറും ജി.എച്ച്.എസ്.എസ്. ചെറിയം, ജി.എച്ച്.എസ്.എസ്. പള്ളിപ്പുറം എന്നീ സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരവും ജി.വി.എച്ച്.എസ്.എസ്. മകരപ്പറമ്പ്, ജി.എച്ച്.എസ്.എസ്. കട്ടങ്ങാപുരം എന്നീ സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബും ജി.എച്ച്. എസ്.എസ്. പള്ളിപ്പുറം, കുട്ടിലങ്ങാടി, ജി. എച്ച്.എസ്.എസ്. മങ്കട എന്നീ സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബും നടത്തുന്നതിനായി ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് പരിപാടികൾ നടത്താൻ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിരുന്നു. അതിൽ ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്.എസ്.എസ്. പള്ളിപ്പുറം എന്നീ സ്കൂളുകൾ മാത്രം സെമിനാർ നടത്തി റിപ്പോർട്ട് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്റർ

105 (6360) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്റർ ആരംഭിക്കുന്ന പ്രൊപ്പോസൽ എന്നാണ് സർക്കാരിൽ ലഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly